# Telephone conversation between Prime Minister and Prime Minister of Mauritius

May 23, 2020

---

## പ്രധാനമന്ത്രിയും മൗറീഷ്യസ് പ്രധാനമന്ത്രിയും തമ്മിലുള്ള ടെലിഫോണ്‍ സംഭാഷണം

മെയ് 23, 2020

പ്രധാനമന്ത്രി ശ്രീ.നരേന്ദ്രമോഡി മൗറീഷ്യസ് പ്രധാനമന്ത്രി ജുഗ്‌നൗദുമായി ഇന്ന് ടെലിഫോണ്‍ സംഭാഷണം നടത്തി.

ആംഫന്‍ ചുഴലിക്കാറ്റില്‍ നഷ്ടപ്പെട്ട ജീവനുകള്‍ക്കായി പ്രധാനമന്ത്രി ജുഗ്‌നൗദ് അനുശോചനം രേഖപ്പെടുത്തി. കോവിഡ്-19 പകര്‍ച്ചവ്യാധിയുടെ പ്രതിരോധത്തില്‍ മൗറീഷ്യന്‍ ആരോഗ്യമേഖലയെ സഹായിക്കുന്നതിനായി ;ഓപ്പറേഷന്‍ സാഗറിന്റെ' ഭാഗമായി മരുന്നുകളും14 അംഗ ചികിത്സാസംഘവുമായി ഇന്ത്യ നാവിക കപ്പല്‍ 'കേസരി' അയച്ചതിന് അദ്ദേഹം പ്രധാനമന്ത്രിയോട് നന്ദി പറഞ്ഞു.

ഇന്ത്യയും മൗറീഷ്യസുമായുള്ള വ്യക്തിഗതബന്ധം അനുസ്മരിക്കുകയും പ്രതിസന്ധിഘട്ടങ്ങളില്‍ സുഹൃത്തുക്കളെ പിന്തുണയ്ക്കുന്നതില്‍ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി പ്രതിവചിച്ചു.

പ്രധാനമന്ത്രി ജുഗ്‌നൗദിന്റെ നേതൃത്വത്തില്‍ പമൗറീഷ്യസില്‍ നടന്ന കാര്യക്ഷമമായ കോവിഡ്-19 പ്രതിരോധത്തിന് പ്രധാനമന്ത്രി അഭിനന്ദങ്ങള്‍ അറിയിച്ചു. ഇതിന്റെ ഫലമായി ഏതാനും ആഴ്ചകളായി മൗറീഷ്യസില്‍ പുതിയ കോവിഡ് കേസുകളൊന്നും തന്നെ റിപ്പോര്‍ട്ട് ചെയ്തിട്ടില്ല. മൗറീഷ്യസ് തങ്ങളുടെ മികച്ച നടപടികള്‍ എന്തെല്ലാമായിരുന്നുവെന്ന് രേഖകള്‍ തയാറാക്കി തരുകയാണെങ്കില്‍, അത് മറ്റുള്ള രാജ്യങ്ങള്‍, പ്രത്യേകിച്ച് ദ്വീപുകളായി സ്ഥിതി ചെയ്യുന്ന രാജ്യങ്ങള്‍ക്ക് സമാനരീതിയിലുള്ള ആരോഗ്യ പ്രതിസന്ധികള്‍ തരണം ചെയ്യുന്നതില്‍ വളരെ ഉപകാരപ്രദമാകുമെന്നും അദ്ദേഹം നിര്‍ദേശിച്ചു.

മൗറീഷ്യസിലെ സാമ്പത്തിക മേഖലയെ [പിന്തുണയ്ക്കുന്നതിനു ലക്ഷ്യം വച്ചുള്ള നടപടികള്‍, മൗറീഷ്യന്‍ യുവജനതയെ ആയുര്‍വ്വേദം പഠിപ്പിക്കുന്നതിനുള്ള സാധ്യതകള്‍ എന്നിവയുള്‍പ്പെടെ വ്യത്യസ്ത വിഭാഗങ്ങളില്‍ സഹകരണം വര്‍ധിപ്പിക്കുന്നതിനെക്കുറിച്ചു ഇരുനേതാക്കളും ചര്‍ച്ച ചെയ്തു.

മൗറീഷ്യന്‍ ജനതയുടെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും കൂടാതെ ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം ഊഷ്മളമായി നിലനിര്‍ത്തുന്നതിനും പ്രധാനമന്ത്രി തന്റെ ആശംസകള്‍ അറിയിച്ചു.

**ന്യൂ ഡല്‍ഹി**
**23 മെയ്, 2020**

**DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.**